MAR REMIGIOSE INCHANANIYIL
Bishop of Thamarassery

*സർക്കുലർ 06/2025*

**കുളത്തുവയൽ തീർഥാടനം**

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ഈശോയുടെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയ രഹസ്യങ്ങളെ ധ്യാനിക്കുന്ന നോമ്പുകാലത്തിലൂടെ നാം കടന്നുപോവുകയാണല്ലോ. ക്രിസ്തുവിന്റെ പീഡാസഹനങ്ങളോട് താദാത്മ്യം പ്രാപിച്ച് പരിത്യാഗപ്രവൃത്തികളിലൂടെ നമ്മുടെയും ലോകം മുഴുവന്റെയും പാപത്തിന് പരിഹാരമനുഷ്ഠിക്കുന്ന അവസരം കൂടിയാണിത്. "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശയ്യാ 53, 3-5) എന്ന് ഏശയ്യാ പ്രവാചകനിലൂടെ അരുൾചെയ്യപ്പെട്ട ദൈവവചനത്തിന്റെ പൂർത്തീകരണ മായിരുന്നല്ലോ ഈശോയുടെ പീഡാസഹനവും മരണവും. പാതിനോമ്പ് കഴിഞ്ഞ് ഇനിയുള്ള ദിവസങ്ങൾ കൂടുതൽ അനുഗ്രഹദായകമാട്ടെ എന്ന് പ്രാർഥിക്കുന്നു.

രൂപതയുടെ ആഭിമുഖ്യത്തിൽ വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച നടത്തുന്ന കുളത്തുവയൽ തീർഥാടനം എട്ടാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. സഭയുടെ ജൂബിലിവർഷത്തിന്റെയും രൂപത സ്ഥാപനത്തിന്റെ നാല്പതാം വാർഷികത്തിന്റെയും മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയുടെയും പശ്ചാത്തലത്തിൽ ഈ തീർഥാടനത്തിന് പ്രസക്തിയേറെയാണ്. "എല്ലാ ജൂബിലിയാഘോഷത്തിന്റെയും മൗലികഘടകമാണ് തീർഥാടനം. കാൽനടയായുള്ള തീർഥാടനം നിശബ്ദതയുടെയും അധ്വാനത്തിന്റെയും ജീവിത ലാളിത്യത്തിന്റെയും മൂല്യം വീണ്ടും കണ്ടെത്താനുള്ള വലിയ അവസരമാണ്" (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, ന. 5) എന്ന് ഫ്രാൻസീസ് മാർപാപ്പ പഠിപ്പിക്കുന്നുണ്ട്. നോമ്പിന്റെ ചൈതന്യത്തിൽ നമ്മെ കൂടുതൽ ആഴപ്പെടുത്തുന്ന ഭക്തകൃത്യമായ കുരിശിന്റെ വഴിയിലൂടെയും അതിലെ ഹൃദയസ്പർശിയായ പ്രാർഥനകളിലൂടെയും ഗീതങ്ങളിലൂടെയും നാല്പതാം വെള്ളിയാഴ്ചയാചരണം ജീവിതം നവീകരിക്കാനും കുരിശിന്റെ കൃപയെ ആശ്ലേഷിക്കാനും നമുക്ക് പ്രയോജനകരമാകട്ടെ. ജനകീയമായ നിരവധി തീർഥാടനങ്ങൾ സഭയിലുണ്ട്. വിശുദ്ധനഗരത്തിലേക്കും റോമയിലേക്കും സാന്തിയാഗോയിലേക്കും കൂടാതെ, ലൂർദ്ദ്, ഫാത്തിമ, ഗ്വദലൂപ്പെ, മെഡ്ജുഗോറി തുടങ്ങിയ മരിയൻ കേന്ദ്രങ്ങളിലേക്കുമുള്ള ആത്മീയ യാത്രകൾ എന്നും പ്രസിദ്ധവും ഇന്നും പ്രചാരത്തിലുള്ളവയുമാണ്. അതേ ചൈതന്യത്തിലും വിശ്വാസത്തിലും ജൂബിലിവർഷത്തിൽ കുടിയേറ്റ തീർഥാടനകേന്ദ്രമായ കുളത്തുവയലിലേക്കുള്ള പ്രയാണം, സ്ലീവാപാതയുടെ ആറാംസ്ഥലത്ത് അനുസ്മരിക്കുന്ന വേറോനിക്കയെപ്പോലെ ക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള അവസരമായി മാറ്റാം.

ഏപ്രിൽ 10-ാം തീയതി രാത്രി 10 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നിന്ന് നാല്പതാംവെള്ളി തീർഥാടനം ആരംഭിച്ച്, ഏപ്രിൽ 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 മണിക്ക് കുളത്തുവയലിൽ എത്തിച്ചേരത്തക്കവിധത്തിലാണ് ഈ യാത്ര ക്രമീകരിച്ചിരിക്കുന്നത്. ഏകദേശം 36 കിലോമീറ്റർ കുരിശിന്റെ വഴിയും ജപമാലയും

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com

MAR REMIGIOSE INCHANANIYIL
Bishop of Thamarassery

കരുണക്കൊന്തയും തുടർച്ചയായി ചൊല്ലിക്കൊണ്ട് നടത്തുന്ന പ്രസ്തുത തീർഥാടനം വലിയൊരു അനുഭവമാണ്. കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസികളുടെ പങ്കാളിത്തം കൊണ്ടും, പങ്കെടുത്തവർക്കു ലഭിച്ച അനുഗ്രഹങ്ങൾ കൊണ്ടും വലിയ ഒരു ആത്മീയ അനുഭവമായിരുന്നു ഈ തീർഥയാത്ര. അതിന് വ്യക്തിപരമായി സാക്ഷ്യംനൽകാൻ എനിക്ക് സാധിച്ചതിന് ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകളുടെ മുൻപിൽ ഞാൻ കൃതജ്ഞതയർപ്പിക്കുന്നു.

നമ്മുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ച ഈശോയുടെ കുരിശിന്റെ വഴിയിലൂടെ സഞ്ചരിക്കാനുള്ള അവസരമൊരുക്കുന്ന കുളത്തുവയൽ തീർഥാടനത്തിൽ നമ്മുടെ കുടുംബത്തെയും വ്യക്തിപരമായ നിയോഗങ്ങളെയും ചേർത്തുവെയ്ക്കാം. അതോടൊപ്പം ലോകസമാധാനത്തിനായും ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ പീഡനങ്ങളിലൂടെ കടന്നുപോകുന്ന സഭകളെയും നാടിനെയും സമർപ്പിച്ചും പ്രാർഥിക്കാം. വന്യമൃഗശല്യവും കാലാവസ്ഥ വ്യതിയാനവും മൂലം ക്ലേശമനുഭവിക്കുന്ന നമ്മുടെ രൂപതയുടെ കാർഷികമേഖലയേയും ഈ തീർഥാടന അവസരത്തിൽ നമ്മുടെ പ്രാർഥനയിൽ അനുസ്മരിക്കാം.

നമ്മുടെ രൂപതയിൽ ദണ്ഡവിമോചനം പ്രാപിക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്ന ദൈവാലയങ്ങളിൽ ഒന്നാണ് കുളത്തുവയൽ കുടിയേറ്റ തീർഥാടനകേന്ദ്രം. ഈ തീർഥാടനത്തോടൊപ്പം ഒരുക്കത്തോടെ കുമ്പസാരിച്ചും വി. ബലിയിൽ പങ്കെടുത്തും പരിശുദ്ധപിതാവ് നിർദ്ദേശിച്ചിരിക്കുന്ന നിശ്ചിത പ്രാർഥനകൾ അർപ്പിച്ചുകൊണ്ടും സഭയിലൂടെ ചൊരിയപ്പെടുന്ന ദണ്ഡവിമോചനത്തിന്റെ കൃപകൾ നമുക്ക് സ്വീകരിക്കാൻ സന്തോഷപൂർവം ഒരുങ്ങാം. കഴിയുന്ന എല്ലാവരും ഈ തീർഥയാത്രയിൽ പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു. ഇടവകകളും സംഘടനകളും ഇക്കാര്യത്തിൽ താൽപര്യമെടുക്കുമല്ലോ. മുഴുവൻ ദൂരവും നടക്കാൻ സാധിക്കാത്തവർ തീർഥാടനത്തിന്റെ പാതയിൽ ഏതെങ്കിലും ഭാഗത്ത് പങ്കുചേർന്ന് പ്രാർഥിക്കുന്നത് വലിയ അനുഗ്രഹത്തിന് കാരണമാകും. രൂപത മുഴുവനും നാല്പതാം വെള്ളിയാഴ്ചത്തെ തീർഥാടനത്തിൽ മാനസികമായി പങ്കുചേർന്ന് പ്രാർഥിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു

സ്നേഹപൂർവം,

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

താമരശ്ശേരി
29.03.2025

*ഈ സർക്കുലർ 2025 മാർച്ച് 30-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.*

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com